

# ബേസ് തോമ്മാ

"എന്റെ കർത്താവേ;എന്റെ ദൈവമേ"

CHRISTIAN MUSICOLOGICAL SOCIETY OF INDIA



## 'സീറോ' എന്ന സ്വത്വബോധം

■ ഫാ. തോംസൺ അറക്കൽ സി.എം.ഐ.

ഈശോയുടെ ശിഷ്യനായ മാർതോമ്മാശ്ലീഹ കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങിയതിന്റെ 1950-മത് ജൂബിലി വർഷമാണിത്. കേരളത്തിൽ സീറോ മലബാർ സഭ രൂപം കൊണ്ടതിന്റെയും ജൂബിലി വർഷം. ഈ അവസരത്തിൽ മാർതോമ്മാ ക്രിസ്ത്യാനികളുടെ സുറിയാനി ഭാഷാ പൈതൃകത്തെപറ്റി ലളിതമായി അന്വേഷിച്ചറിയാം.

### സീറോ മലബാർ സഭ

സീറോ മലബാർ സഭ എന്ന പേരിലെ 'സീറോ' എന്ന വാക്കിന്റെ അർത്ഥമെന്താണ്? ഒരു ഭാഷ എന്നത് കേവലം പദങ്ങൾ മാത്രമല്ല, ഒരു ജീവിതരീതിയും സംസ്കാരവുമാണ്. പൗരസ്ത്യ, കൽദായ, പേർഷ്യ ഈ പദങ്ങളെല്ലാം ഒരേ ദേശത്തേയും സംസ്കാരത്തെയുമാണ് സൂചിപ്പിക്കുന്നത്. (പണ്ടത്തെ പൗരസ്ത്യദേശം അഥവാ കൽദായദേശം അഥവാ പേർഷ്യൻ ദേശം ആണ് ഇന്നത്തെ ഇറാൻ, ഇറാഖ്, തുർക്കി, സിറിയ, ജോർദ്ദാൻ, അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ എന്നീ രാജ്യങ്ങൾ). ഈശോയുടെ മരണശേഷം എ.ഡി. 633 മുതലാണ് പൗരസ്ത്യ ദേശം അറബി ഭാഷ സംസാരിക്കുന്ന മുസ്ലീം രാജ്യങ്ങളായത്. അതിനുമുമ്പ് അവിടെ സൊരാഷ്ട്രിയൻ മതമായിരുന്നു. പൗരസ്ത്യ ദേശത്തെ ഭാഷയായിരുന്ന അറമായഭാഷയുടെ പ്രാദേശിക ഭാഷാരൂപമാണ് സുറിയാനി ഭാഷ. സുറിയാനി ഭാഷ-സിറിയക് അറമായ, സീറോ അറമായ എന്നീ പേരുകളിലും അറിയപ്പെടുന്നു. മാർതോമ്മാ ക്രിസ്ത്യാനികളുടെ പൗരസ്ത്യ സഭാ ബന്ധത്താലും ആരാധനയിലെ സുറിയാനി ഭാഷാ ഉപയോഗത്താലുമാണ് 'സീറോ' എന്ന പദം സീറോ മലബാർ സഭ എന്ന പേരിന്റെ മുമ്പിൽ ഉപയോഗിക്കാൻ ഇടവന്നത്.

'മലബാർ' എന്നത് പണ്ടു മുതൽ സുഗന്ധദ്രവ്യ കച്ചവടത്തിനായി കടൽ വഴി കപ്പലിൽ എത്തിയ വിദേശീയർ കേരളത്തെ വിളിച്ചിരുന്ന പേരാണ്. 'മല' എന്ന വാക്കിനോട് 'നാട്' എന്ന പേർഷ്യൻ പദം ചേർന്നുണ്ടായതാണ് മലബാർ. മലകളുടെ നാട് അഥവാ കേരളം എന്നർത്ഥം. (ഇന്ന് പാലക്കാടിന് വടക്കുള്ള ജില്ലകളെയാണ് മലബാർ എന്നു വിളിക്കാറ്).



AD 2-ൽ എഡേസയിൽ നിന്നും കണ്ടുകിട്ടിയ പഴയ സുറിയാനി ലിഖിതം

സഭ എന്നത് മാർതോമ്മാ ക്രിസ്ത്യാനികളുടെ സമൂഹത്തെ സൂചിപ്പിക്കുന്നു. പൗരസ്ത്യ ക്രൈസ്തവ സഭയുടെ നിയമവും ആരാധനയും പാരമ്പര്യവും പാലിച്ച് റോമിലെ പാശ്ചാത്യ ക്രൈസ്തവ സഭാതലവനായ മാർപാപ്പയെ പരമാധികാരി

## മാർതോമ്മാ നസ്രാണികളുടെ ഭാഷാ പൈതൃകം

■ തളികസ്ഥാനം തോമ്മാ മത്തായി (ജാർളി)

ലോകത്തിലെ അതിപുരാതനമായ ഭാഷയാണ് സുറിയാനി. അഥവാ അറമായ. BC 6-4 നൂറ്റാണ്ടുകളിൽ പേർഷ്യൻ സാമ്രാജ്യത്തിലെ ഔദ്യോഗിക ഭാഷയും ഇതു തന്നെ. വേദപുസ്തകത്തിന്റെ യഥാർത്ഥരചനയിൽ ഉപയോഗിച്ചിരിക്കുന്ന മൂന്നു ഭാഷകളിൽ പ്രധാനപ്പെട്ട ഭാഷയാണ് അറമായ അഥവാ സുറിയാനി. നമ്മുടെ കർത്താവീശോമിശിഹായുടെ മാതൃഭാഷയും മിശിഹാ സുവിശേഷം ലോകത്തെ അറിയിക്കുവാൻ ഉപയോഗിച്ച വെളിപാടിന്റെ ഭാഷയും ഇതുതന്നെ. നമ്മുടെ രക്ഷകനായ ഈശോ സംസാരിച്ച ഭാഷയാകയാൽ മാർത്തോമാ നസ്രാണി (സീറോ മലബാർ) കളെ സംബന്ധിച്ചിടത്തോളം ഇത് തങ്ങളുടെ വേദഭാഷയും പരിശുദ്ധ ഭാഷയുമാണ്.

### സുറിയാനി ഭാഷാ ചരിത്രം

വേദപുസ്തകത്തിലെ പഴയ ഉടമ്പടി (പഴയ നിയമം) പരിശോധിച്ചാൽ ഈ ഭാഷയെക്കുറിച്ചുള്ള കുറെ ചരിത്രം മനസ്സിലാക്കുവാൻ സാധിക്കും. നോഹയുടെ മൂത്തപുത്രനായ 'ഷേം' ന്റെ സന്തതിപരമ്പരകൾ നിവസിച്ചിരുന്നത് പശ്ചിമേഷ്യ അഥവാ ഏഷ്യയുടെ പടിഞ്ഞാറേ ഭാഗത്തായിരുന്നു. ഇവരെ സെമറ്റിക് വംശജർ എന്നു വിളിക്കുന്നു. ഇവരുടെ ഭാഷയെ ആസ്പദമാക്കി ഇവരെ മൂന്നായി തിരിച്ചിരിക്കുന്നു.

1. **പൗരസ്ത്യ സെമറ്റിക്:** ഇവർ അസീറിയാ-ബാബിലോണിയാ അഥവാ അക്കേടിയൻ എന്നറിയപ്പെടുന്നു. ഇവർ പുരാതന അരറമായ ഭാഷ ഉപയോഗിച്ചിരുന്നു.
2. **ദക്ഷിണ-പശ്ചിമ സെമറ്റിക്:** ഇവർ ക്ലാസിക്കൽ അറബിയും എത്യോപ്യൻ ഭാഷയും ഉപയോഗിച്ചിരുന്നു.
3. **ഉത്തര-പശ്ചിമ സെമറ്റിക്:** ഇവിടെ കാനാന്യർ അഥവാ ഫിനീഷ്യർ, അമറോയ. ഇവർ ഹീബ്രുവും അറമായ അഥവാ സുറിയാനിയും ഉപയോഗിച്ചിരുന്നു.

ഇന്നത്തെ ഭൂമിശാസ്ത്രപ്രകാരം പറഞ്ഞാൽ സിറിയയുടെ കിഴക്കുഭാഗവും ഇറാക്കിന്റെ വടക്കുഭാഗവും വസിച്ചിരുന്നവരുടെ മാതൃഭാഷയായിരുന്നു അറമായ. പുരാതനകാലത്ത് (പഴയനിയമകാലം) ഈ ഭൂവിഭാഗം ആരാം എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ആരാം നോഹയുടെ പുത്രനായ ഷേമിന്റെ അഞ്ചാമത്തെ പുത്രനായിരുന്നു (സൃഷ്ടി 10:22, ദിനവൃത്താന്തം 1 : 17). ബി.സി. 9-ാം നൂറ്റാണ്ടിലെ ക്യൂണിഫോം എഴുത്തുകളിൽ ആരാം, അറമായൻ എന്നീ പേരുകൾ കാണുവാൻ സാധിക്കും. ഹീബ്രുവിലുള്ള പഴയ ഉടമ്പടി ഗ്രന്ഥത്തിലും ഈ പേര് കാണുവാനാകും. ബി.സി. 9-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഗ്രീക്കുകവി ഹോമർ ആരാം ജീവിച്ചിരുന്ന സ്ഥലത്തെ അരിമോയി എന്ന് തന്റെ കൃതികളിൽ വിശേഷിപ്പിച്ചിരിക്കുന്നു. ആരാം ദേശത്തിന്റെ അതിരുകൾ : കിഴക്കും വടക്കും അസീറിയായും പടിഞ്ഞാറ് കാനാനും തെക്ക് ഇസ്രായേലും. ഈ പറഞ്ഞ അതിർത്തികൾക്കുള്ളിൽ [illegible] ആരാം ഒരു രാജ്യമായിരുന്നു. അവിടുത്തെ ഭാഷ അറമായ

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

യായി അംഗീകരിക്കുന്ന 24 സ്വതന്ത്ര കത്തോലിക്കാസഭകളിലെ ഒരു സഭയാണ് സീറോ മലബാർസഭ.

പൗരസ്ത്യ ദേശത്തെ ഭാഷയായ സുറിയാനിയും ആരാധനാരീതിയും എങ്ങനെയാണ് കേരളത്തിലെ സീറോ മലബാർ സഭയിൽ വന്നത്?

### സുറിയാനി ഭാഷ കേരളത്തിൽ

ഇസ്രായേൽ ദേശവും പൗരസ്ത്യ ദേശവും അടുത്തടുത്ത ദേശങ്ങളാണ്. ബി. സി. 586-ൽ പൗരസ്ത്യദേശ ചക്രവർത്തിയായിരുന്ന നബുക്കദ്നേസർ ഇസ്രായേൽ ദേശം ആക്രമിച്ചു. ജറുസലേം ദേവാലയത്തിലെ രത്നങ്ങളും സ്വർണ്ണങ്ങളും വെള്ളി പാത്രങ്ങളും വിലപിടിച്ച വസ്തുക്കളും കൊള്ളയടിച്ചു. .യഹൂദരെ അടിമകളാക്കി പൗരസ്ത്യ ദേശത്തിലേക്ക് കൊണ്ടുപോയി (2 ദിന. 36:13-21). തന്മൂലം യഹൂദർ പൗരസ്ത്യ ദേശത്തിലും പൗരസ്ത്യ ദേശക്കാർ ഇസ്രായേലിലും താമസിക്കാൻ ഇടവന്നു. ആ സഹവാസത്താൽ പൗരസ്ത്യ ദേശക്കാരുടെ അറമായ ഭാഷ യഹൂദർ ഹീബ്രുഭാഷയോടൊപ്പം സംസാരിക്കാൻ തുടങ്ങി. പൗരസ്ത്യ ദേശ ചക്രവർത്തിയായി പിന്നീട് വന്ന സൈറസ് യഹൂദരെ ഇസ്രായേലിലേക്ക് തിരിച്ചയച്ചു. യഹൂദർ വീണ്ടും ജറുസലേം ദേവാലയം പണിതു. ഈശോയും ശിഷ്യന്മാരും അറമായഭാഷ സംസാരിക്കുന്നവരായിരുന്നു. (അറമായ ഭാഷയും അതിന്റെ ഭാഷാഭേദമായ സുറിയാനി ഭാഷയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്).

ഈശോയുടെ കുരിശുമരണ സമയത്ത് ഇസ്രായേൽ ദേശം പാശ്ചാത്യദേശത്തിന്റെ (റോമൻ) കീഴിലായിരുന്നു. (ഇന്നത്തെ ഇറ്റലി, യൂറോപ്പ്, ആഫ്രിക്ക, ഏഷ്യ രാജ്യങ്ങൾ ചേർന്നതായിരുന്നു പണ്ടത്തെ പാശ്ചാത്യദേശം. അവിടെ പേഗൺ മതമായിരുന്നു. പൗരസ്ത്യ ദേശവും പാശ്ചാത്യദേശവും തമ്മിൽ ശത്രുതയിലായിരുന്നു). ഈശോയുടെ ഉത്ഥാനത്തിനുശേഷം ശിഷ്യന്മാർ ലോകമെങ്ങും സുവിശേഷം പ്രസംഗിക്കാൻ പുറപ്പെട്ടു. മാർതോമ്മാശ്ലീഹായുടെ ശിഷ്യനും യേശുവിന്റെ എഴുപത്തി രണ്ട് അപ്പസ്തോലന്മാരിൽ ഒരുവനുമായ തദ്ദേവൂസ് (സുറിയാനിയിൽ മാർ അദ്ദായി) പൗരസ്ത്യ ദേശത്തെ തുർക്കിയിലെ സുറിയാനിഭാഷ സംസാരിച്ചിരുന്ന എഡേസയിൽ (ഇന്നത്തെ ഉർഫ) സുവിശേഷം പ്രസംഗിച്ച് ക്രൈസ്തവ സഭാ സമൂഹം സ്ഥാപിച്ചു. പൗരസ്ത്യ ദേശത്തെ അന്ത്യോക്യ മുതലായ സ്ഥലങ്ങളിൽ ബർണ്ണബാസും വി. പൗലോസും ക്രൈസ്തവ സഭാസമൂഹങ്ങൾ സ്ഥാപിച്ചു. അന്ത്യോക്യയിൽ വെച്ചാണ് ഈശോയുടെ ശിഷ്യന്മാർ ആദ്യമായി ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടത്. (അപ്പ. പ്രവ. 11: 25-26). വി. പത്രോസും വി.പൗലോസും ലത്തീൻഭാഷ സംസാരിച്ചിരുന്ന പാശ്ചാത്യദേശത്തിൽ സുവിശേഷം പ്രസംഗിച്ചതുമൂലം അവിടെയും ക്രൈസ്തവ സഭാസമൂഹങ്ങൾ ഉണ്ടായി. പിന്നീട് ഏ. ഡി. 380-ൽ പാശ്ചാത്യദേശം മുഴുവനും ക്രൈസ്തവരാജ്യമായി.

പൗരസ്ത്യ ദേശത്തെ ക്രൈസ്തവ സഭാസമൂഹങ്ങളെ പൗരസ്ത്യ (കൽദായ, പേർഷ്യൻ) സഭ എന്നും അതിന്റെ സഭാതലവനെ പാത്രിയാർക്കീസെന്നും വിളിക്കാൻ തുടങ്ങി. പാശ്ചാത്യദേശത്തെ  ക്രൈസ്തവ സഭാസമൂഹങ്ങളെ പാശ്ചാത്യ (റോമൻ) സഭ എന്നും അതിന്റെ സഭാതലവനെ മാർപാപ്പ എന്നും വിളിക്കാൻ തുടങ്ങി. പൗരസ്ത്യ സഭകൾ ആരാധനക്കായി അറമായ, സുറിയാനി ഭാഷകളും പാശ്ചാത്യ സഭകൾ ലത്തീൻ ഭാഷയും ഉപയോഗിച്ചു. രണ്ടു സഭകളുടെയും ആരാധനാരീതികളും വ്യത്യസ്തമായിരുന്നു.

പുരാതന കാലം മുതലേ പൗരസ്ത്യദേശക്കാരും യഹൂദരും കടൽവഴി കേരളത്തിൽ സുഗന്ധദ്രവ്യ കച്ചവടത്തിനായി വന്നിരുന്നതിനാൽ അറമായ ഭാഷയും സുറിയാനി ഭാഷയും കേരളത്തിൽ സുപരിചിതമായിരുന്നു. ഏ. ഡി. 52-ൽ മാർ തോമ്മാശ്ലീഹാ കൊടുങ്ങല്ലൂരിൽ യഹൂദ കച്ചവടക്കപ്പലിൽ എത്തി ഏഴര ക്രൈസ്തവ സഭാസമൂഹങ്ങൾ (ഏഴരപള്ളികൾ) സ്ഥാപിച്ചു. അന്ന് അറമായ ഭാഷയിലായിരിക്കണം മാർതോമ്മാശ്ലീഹ സുവിശേഷം പ്രസംഗിച്ചത്. തുടർന്ന് കേരളത്തിലെ ക്രൈസ്തവസഭാസമൂഹം 'മാർതോമ്മാ നസ്രാണികൾ' എന്ന പേരിൽ അറിയപ്പെട്ടു. പിന്നീട് ഏ.ഡി. 325-ൽ യഹൂദ കച്ചവടക്കാരനായ ക്നായി തൊമ്മന്റെ നേതൃത്വത്തിൽ പൗരസ്ത്യദേശത്തെ സിറിയായിലെ എഡേസ, കാന എന്നിവിടങ്ങിൽനിന്നും സുറിയാനി ഭാഷ സംസാരിക്കുന്ന ഒരു സമൂഹം കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങി. വർഷങ്ങൾ കഴിയുന്തോറും മാർത്തോമ ക്രിസ്ത്യാനികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നു. അവർ ‘സുറിയാനിക്കാർ’ എന്ന് വിളിക്കപ്പെടാൻ തുടങ്ങി.

പൗരസ്ത്യദേശത്തു നിന്നും ക്രൈസ്തവ സഭാതലവനായ പാത്രിയാർക്കീസ് സുറിയാനിഭാഷ സംസാരിച്ചിരുന്ന മെത്രാന്മാരെയും പുരോഹിതന്മാരെയും ആരാധന നടത്താനും ആദ്ധ്യാത്മിക നേതൃത്വത്തിനുമായി കേരളത്തിലേക്ക് അയച്ചുകൊണ്ടിരുന്നു. അവരുടെ സഹായത്താൽ മാർതോമ്മാ ക്രിസ്ത്യാനികൾ



എ.ഡി. 105ൽ നിർമ്മിച്ചതെന്ന് കരുതുന്ന കുറവിലങ്ങാട് ദേവാലയത്തിലെ പള്ളിമണിയിൽ രേഖപ്പെടുത്തിയിരിക്കുന്ന സുറിയാനി ലിഖിതം

അഥവാ സുറിയാനിയും. എന്നാൽ പിൽക്കാലത്ത് ആരാം പല സ്വതന്ത്ര രാജ്യങ്ങളായി വിഭജിക്കപ്പെട്ടു.

സെമറ്റിക് ഭാഷകളിൽ ഏറ്റവും പുരാതനമായത് അറമായ ഭാഷയാണ്. ആരാം ആണ് അറമായരുടെ പിതാവ്. അറമായർ സംസ്കാരസമ്പന്നർ ആയിരു ന്നു. ബി. സി. 1000 -ാം ആണ്ടിൽ അവർ ചിത്രങ്ങളും വരകളും ഉപയോഗിച്ചുള്ള അക്ഷരമാലകൾ ഉപയോഗിച്ചിരുന്നു. ഈ രീതി കണ്ടുപിടിച്ചത് ബാബിലോണിയായിലെ സുമേറിയാക്കാരും ഈജിപ്തുകാരുമാണ്. അറമായ(സുറിയാനി) അക്ഷരങ്ങളുടെ എണ്ണം 22 എന്നത് ബി. സി. 14-ാം നൂറ്റാണ്ടിൽത്തന്നെ നിജപ്പെടുത്തിയിരുന്നു. അവ വലത്തുനിന്നും ഇടത്തോട്ടാണ് എഴുതുന്നത്. ഏറ്റവും പുരാതനം എന്നു കരുതപ്പെടുന്ന അറമായ ലിഖിതം ബി. സി. 10-ാം നൂറ്റാണ്ടിലേതു കണ്ടെടുക്ക പ്പെട്ടിട്ടുണ്ട്. ആദ്യകാല ലിഖിതങ്ങളിൽ സ്വരാക്ഷരങ്ങൾ ഇല്ലായിരുന്നു. അറമായരിൽ നിന്നാണ് ചിത്രങ്ങളും വരകളും ഉപയോഗിച്ചുള്ള അക്ഷരമാല എഴുത്തുശൈലി അസീറിയാ സാമ്രാജ്യത്തിലേക്കും ഏഷ്യാ ഭൂഖണ്ഡത്തിലേക്കും അതുവഴി ഇന്ത്യയിലേക്കും എത്തിച്ചേർന്നത്. അക്ഷരങ്ങൾ തന്നെയാണ് ആദ്യം എണ്ണുവാനായും ഉപയോഗിച്ചിരുന്നത് എന്ന് അനുമാനിക്കാം. കാരണം സുറിയാനിയിൽ ഇന്നും അക്ഷരങ്ങൾ തന്നെയാണ് അക്കങ്ങളായി ഉപയോഗിക്കുന്നത്.

ജനതകളുടെ പിതാവായ അബ്രാഹത്തിന്റെയും അദ്ദേഹത്തിന്റെ പിതാ ക്കന്മാരുടെയും രാഷ്ട്രഭാഷയും സംസാരഭാഷയും സുറിയാനി ആയിരുന്നു. അബ്രാഹം കാനാൻ ദേശത്ത് എത്തിയതിനുശേഷം കാനാനിലെ ഭാഷയും അരമായ അഥവാ സുറിയാനിയും കൂടിക്കലർന്നുണ്ടായതാണ് ഹീബ്രുഭാഷ. സുറിയാനി ഭാഷയുടെ സ്വാധീനത്തിലാണ് മറ്റു സെമറ്റിക് ഭാഷകൾ ഉടലെടുത്തത്. പ്രശസ്ത ഭാഷാശാസ്ത്രജ്ഞനായിരുന്ന ബർ എബ്രായ ഇങ്ങനെ പറയുന്നു. 'ലോകം മുഴുവനിലും ഒരേ ഭാഷ തന്നെ സംസാരിച്ചു വന്നിരുന്നു അബ്രാഹം കൽ ദായ ദേശത്തു നിന്നും യൂഫ്രിട്ടീസ് നദി കടന്ന് കാനാൻ ദേശത്തേക്കു പോയതിനാൽ അദ്ദേഹത്തെയും അയാളുടെ സന്തതികളെയും എവ്രായാ അഥവാ അക്കരക്കാരൻ എന്നു വിളിച്ചു'.

പണ്ഡിതനായ വാൽത്തോനൂസ് പറഞ്ഞു: സകല ജാതികളുടെയും ജ്ഞാനം കൽദായക്കാരിൽ (സുറിയാനിക്കാർ) നിന്നുമാണ് ഉത്ഭവിച്ചിട്ടുള്ളത്. എല്ലാ ശാസ്ത്രങ്ങളും കിഴക്കുനിന്നും ലോകത്തിന്റെ മറ്റു ഭാഗങ്ങളുലേക്ക് പരത്തപ്പെട്ടു.അതായത് റോമാക്കാർക്ക് (ലത്തീൻ) ഗ്രീക്കുകാരിൽ നിന്നും ഗ്രീക്കുകാരും മറ്റും കൽദായക്കാർ അഥവാ അസീറിയക്കാർ അഥവാ സുറിയാനിക്കാരിൽ നിന്നും തങ്ങൾ പിന്നീട് വർദ്ധിപ്പിച്ചതായ എല്ലാ ശാസ്ത്രങ്ങളും ആദ്യമായി പഠിച്ചു.

കാനാൻ ദേശത്ത് എത്തിയ അബ്രഹാമിന്റെ പിൻമുറക്കാർ ഹീബ്രുഭാഷയായിരുന്നു സംസാരിച്ചിരുന്നത്. എന്നാൽ അബ്രഹാമിന്റെ സന്തതികൾക്ക് അറമായ ഭാഷ മറക്കാവുന്നതായിരുന്നില്ല. ഹീബ്രു ബൈബിളിൽ അബ്രഹാമിന്റെ അനന്തരവപുത്രനായിരുന്ന ലാബാനും അബ്രഹാമിന്റെ കൊച്ചുമകനായ യാക്കോബും തമ്മിലുണ്ടാക്കുന്ന ഉടമ്പടി ശ്രദ്ധേയമാണ്. അവിടെ ലാബാൻ സംസാരിക്കുന്നത് അറമായയിലും(സുറിയാനി) യാക്കോബ് സംസാരിക്കുന്നത് ഹീബ്രുവിലും രേഖപ്പെടുത്തിയിരിക്കുന്നു.

അബ്രഹാമിന്റെ പിൻഗാമികൾ 13 നൂറ്റാണ്ടുകളോളം ഹീബ്രു ഭാഷ തന്നെ ഉപയോഗിച്ചിരുന്നു. ബി. സി. 8-ാം നൂറ്റാണ്ടിൽ അസീറിയക്കാർ ഇസ്രായേൽ പിടിച്ചെടുത്തു. അവിടുത്തെ 10 ഗോത്രങ്ങളെയോളം അസീറിയായിലേക്ക് പിടിച്ചുകൊണ്ടുപോയി. അവിടെ അടിമത്തത്തിൽ കഴിയവെ അവർ അസീറിയാ സാമ്രാജ്യത്തിലെ ഭാഷയായ അറമായ (സുറിയാനി) പഠിച്ചു. അത് ഇസ്രായേല്യരുടെ ഭാഷയായിത്തീർന്നു. തുടർന്ന് ബി. സി. 605 മുതൽ ബി. സി. 539 വരെ ബാബി ലോണിയൻ അടിമത്തം ബാബിലോണിൽ ആയിരിക്കവെ യഹൂദർ അസീറിയായിലേതിന്റെ തുടർച്ച എന്നോണം അറമായ യഹൂദരുടെ മാതൃഭാഷയായിത്തീർന്നു. ചെറുപ്പക്കാർ തുടങ്ങി എല്ലാവരും അറമായ സംസാരിക്കുന്നവരായിത്തീർന്നു. കാലക്രമേണ യഹൂദർക്ക് ഹീബ്രുഭാഷ നഷ്ടമായി. നെബുക്കദ്നേസറിനുശേഷം സൈറസ് പേർഷ്യയുടെ രാജാവാകുകയും യഹൂദരെ സ്വതന്ത്രരാക്കി യൂദയായിലേക്ക് മടക്കി അയക്കുകയും ചെയ്തു. അടിമത്തത്തിനുശേഷം സ്വന്തം നാട്ടിൽ മടങ്ങിയെത്തിയ യഹൂദർ പാലസ്തീനയിൽ അരമായ സംസാരിക്കുവാൻ തുടങ്ങി. അങ്ങനെ ഈശോമിശിഹായുടെ ജനനത്തിന് ഏകദേശം 500 വർഷം മുമ്പ് പൂർവ്വപിതാവ് അബ്രാഹത്തിന്റെ ഭാഷ ഇസ്രായേലിൽ ഉറപ്പിക്കപ്പെട്ടു എന്നത് ദൈവനിശ്ചയം പോലെയായി. എന്നാൽ പുരോഹിതന്മാർക്കും അത്യാവശ്യം ഭരണക്കാർക്കും ഹീബ്രു അറിയാമായിരുന്നു. ഹീബ്രു അവരുടെ വിശുദ്ധ ഗ്രന്ഥഭാഷയായി അവശേഷിച്ചു.

കൽദായ സാമ്രാജ്യ ഭരണകാലത്ത് അരമായ ഭാഷ ഏഷ്യയുടെ പടിഞ്ഞാ റൻ രാജ്യങ്ങളിലെ സാധാരണ ഭാഷയായി വളർന്നിരുന്നു. ബി. സി. 6-ാം നൂറ്റാണ്ടി ൽ പേർഷ്യാസാമ്രാജ്യം കൽദായദേശം കൂടി പിടിച്ചെടുത്തതോടെ സിന്ദു മുതൽ നൈൽ വരെയുള്ള അക്കമേനിയൻ സാമ്രാജ്യത്തിലെ ഔദ്യോഗികഭാഷയായി അറമായ മാറി. ബി. സി. 4-ാം നൂറ്റാണ്ടോടുകൂടി ഇത് പടിഞ്ഞാറൻ ഏഷ്യയിലുള്ള എല്ലാ രാജ്യങ്ങളുടെയും ഭാഷയായി മാറി. അതായത് ഏഷ്യാമൈനർ മുതൽ പേർഷ്യ വരെയും അർമേനിയ മുതൽ അറേബ്യൻ ഉപദ്വീപ് വരെയും അവരുടെ വ്യാപാര-വ്യവസായ-വ്യവഹാര-രാഷ്ട്രീയ രംഗങ്ങളിലെ ഔദ്യോഗിക ഭാഷയായി അറമായ ഉപയോഗിച്ചു. മക്കബായരുടെ കാലത്തോടെ ഹീബ്രു അറിയാവുന്നവർ മൺമറഞ്ഞു. പാലസ്തീനായിലെ യഹൂദരുടെ ഏകസംസാരഭാഷയായി അറമായ മാറി. വിപ്രവാസത്തിനുശേഷം ഹീബ്രുഭാഷ അവർക്കു വീണ്ടെടുക്കുവാനായില്ല. ദേവാലയത്തിലെ വേദപുസ്തകവായനയ്ക്കു മാത്രമായി ഹീബ്രു ഉപയോഗിച്ചു. എന്നാൽ സിനഗോഗിലെ ഹീബ്രുവിലുള്ള വായനകൾ സാധാരണക്കാർക്കു മനസ്സിലാവാതായി. ജനം തങ്ങൾക്കു വായനകൾ മനസ്സിലാവുന്നില്ല എന്ന് മുറവിളി കൂട്ടി. അതിനാൽ ഹീബ്രു വേദപുസ്തകം അറമായ ഭാഷയിലേക്ക് വിവർത്തനം

പൗരസ്ത്യ സുറിയാനി ഭാഷയിൽ ആരാധന നടത്തുകയും സെമിനാരിയിൽ ആദ്ധ്യാത്മിക വിജ്ഞാനം പഠിക്കുകയും ആത്മീയഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു കൊണ്ടിരുന്നു. അങ്ങനെ സുറിയാനി ഭാഷ മാർതോമ്മാ ക്രിസ്ത്യാനികളുടെ ജീവിതത്തിന്റെ ഭാഗമായി.

### പോർച്ചുഗീസ് ആഗമനശേഷം

പണ്ടുകാലം മുതൽ ലത്തീൻ ഭാഷ സംസാരിച്ചിരുന്ന പാശ്ചാത്യരായ റോമാക്കാർ കേരളത്തിൽ കച്ചവടത്തിനായി വന്നിരുന്നു എന്നതിന് തെളിവുകളുണ്ട്. പാശ്ചാത്യദേശത്തു നിന്ന് പാശ്ചാത്യസഭാ സമൂഹത്തിൽപെട്ടവരും ലത്തീൻഭാഷയിൽ ആരാധന നടത്തുന്നവരുമായ പോർച്ചുഗീസുകാർ 1498-ൽ കച്ചവടത്തിനായി കേരളത്തിലെത്തി. അവരുടെ കൂടെ സൈന്യവും മിഷനറിമാരും ഉണ്ടായിരുന്നു. കേരളത്തിലെ മാർതോമ്മാക്രിസ്ത്യാനികളെ കണ്ടപ്പോൾ അവർക്ക് സന്തോഷമായി. പക്ഷേ, പാശ്ചാത്യദേശത്തിന്റെ ശത്രുക്കളായ പൗരസ്ത്യദേശത്തിൻ നിന്നുള്ള പൗരസ്ത്യ സഭാതലവനായ പാത്രിയാർക്കീസ് അയച്ചിരുന്ന മെത്രാന്മാരും പുരോഹിതന്മാരും  കേരളത്തിലെ മാർതോമ്മാക്രിസ്ത്യാനികളുടെ ആദ്ധ്യാത്മിക കാര്യങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ടിരുന്നു എന്നത് പോർച്ചുഗീസുകാരെ കോപാകുലരാക്കി. അവർ പാശ്ചാത്യ സഭാതലവനായ മാർപാപ്പ നിയമിക്കുന്ന ലത്തീൻ മെത്രാൻമാരുടെയും പുരോഹിതന്മാരുടെയും ഭരണത്തിൻ കീഴിലാക്കി മാർതോമ്മാക്രിസ്ത്യാനികളെ പാശ്ചാത്യസഭയിലേക്ക് കൊണ്ടുവരുവാൻ പരിശ്രമിച്ചു. അതിന്റെ ഭാഗമായി ഗോവയിലെ പാശ്ചാത്യസഭാ മെത്രാപ്പോലീത്ത 1599 -ൽ കേരളത്തിലെ ഉദയംപേരൂരിൽ സൂനഹദോസ് വിളിച്ചുകൂട്ടി. മാർതോമ്മാ ക്രിസ്ത്യാനികളെ നവീകരിക്കുവാനും നെസ്തോറിയൻ പാഷണ്ഢത അവസാനിപ്പിക്കുവാനും പൗരസ്ത്യ സഭാതലവനായ പാത്രിയാർക്കീസുമായുള്ള ബന്ധം നിറുത്തുവാനും പാശ്ചാത്യ സഭാതലവനായ മാർപാപ്പയുടെ അധികാരത്തിൻ കീഴിൽ വരുവാനും അദ്ദേഹം നിശ്ചയിക്കുന്ന മെത്രാന്മാരുടെയും പുരോഹിതന്മാരുടെയും നേതൃത്വത്തിൽ ആരാധനയും ആദ്ധ്യാത്മിക പഠനങ്ങളും നടത്താനും നെസ്തോറിയൻ പാഷണ്ഢതയുള്ള സുറിയാനി ഗ്രന്ഥങ്ങൾ നശിപ്പിക്കുവാനും തീരുമാനിച്ചു. പിന്നീട് എല്ലാം പാശ്ചാത്യസഭയിലെ ലത്തീൻ മെത്രാന്റെ കീഴിലായി. കേരളത്തിലേക്ക് പൗരസ്ത്യ സഭയിലെ മെത്രാന്മാർ വരുന്ന കപ്പലുകളെ കടലിൽ സൈന്യശക്തിയാൽ പോർച്ചുഗീസുകാർ തടഞ്ഞു.

ഇതിനെ എതിർത്ത പൗരസ്ത്യസഭാ പാത്രിയാർക്കീസിനെ അംഗീകരിച്ചിരുന്ന ഒരു വിഭാഗം മാർതോമ്മാക്രിസ്ത്യാനികൾ 1653-ൽ കൂനൻ കുരിശു സത്യത്തിലൂടെ പാശ്ചാത്യ സഭാനേതൃത്വത്തെ അംഗീകരിക്കില്ലെന്ന് പ്രതിജ്ഞ ചെയ്ത് പുതിയൊരു വിഭാഗമായി തിരിഞ്ഞു. അവരാണ് കേരളത്തിലെ യാക്കോബായ, മലങ്കര, മാർതോമ്മാ സഭാ സമൂഹങ്ങൾ. മാർതോമ്മാക്രിസ്ത്യാനികളിലെ വലിയ വിഭാഗം കേരളീയരായ മെത്രാന്മാരെ വേണമെന്ന് ആവശ്യപ്പെട്ട് പാശ്ചാത്യസഭയിലെ ലത്തീൻ മെത്രാന്മാരുടെ ആധിപത്യത്തെയും ലത്തീൻവത്ക്കരണത്തെയും എതിർത്ത് പ്രതിഷേധവും പോരാട്ടവും മൂന്നു നൂറ്റാണ്ടോളം (300 വർഷം) നടത്തി. അവസാനം അവർ പാശ്ചാത്യ സഭാ തലവനായ മാർപാപ്പയുടെ നേതൃത്വം അംഗീകരിക്കുകയും പാശ്ചാത്യ കത്തോലിക്ക സഭയിലെ ഒരു സ്വതന്ത്ര പൗരസ്ത്യസഭയായി മാറുകയും ചെയ്തു. 1896-ൽ കേരളത്തിലെ മാർതോമ്മാ ക്രിസ്ത്യാനികളായ മൂന്നു പേരെ മെത്രാന്മാരായി തൃശൂർ-എറണാകുളം-ചങ്ങനാശ്ശേരി രൂപതകളിൽ മാർപാപ്പ നിയമിച്ചു. പിന്നീട് മറ്റു രൂപതകളും സീറോ മലബാർ സഭ എന്ന പേരിൻ കീഴിൽ ഉണ്ടായി. അന്ന് ആരാധന സുറിയാനി ഭാഷയിലായിരുന്നു.



**എറണാകുളം സീറോ മലബാർ സഭയുടെ ആസ്ഥാനത്ത് അതിന്റെ സ്ഥാപനത്തെപ്പറ്റി സുറിയാനിയിൽ എഴുതിയിരിക്കുന്ന മാർബിൾ ഫലകം**

കൂനൻകുരിശു സത്യത്തിനുശേഷം കേരളത്തിൽ മാർതോമ്മാക്രിസ്ത്യാനികൾ സുറിയാനി ഭാഷ രണ്ടുതരത്തിലാണ് ഉപയോഗിച്ചത്. ഈസ്റ്റ് സുറിയാനി ഭാഷയാണ് സീറോ മലബാർ സഭ ആരാധനയ്ക്കായി ഉപയോഗിച്ചത്.  യാക്കോബായ, മലങ്കര സഭകൾ വെസ്റ്റ് സുറിയാനി ഭാഷയിലാണ് ആരാധന നടത്തിയ ത്. ഈസ്റ്റ് സുറിയാനിയിൽ 'കുർബാന' എന്നു പറയുമ്പോൾ വെസ്റ്റ് സുറിയാനിയിൽ 'കുർബോനോ' എന്നാണ് ഉച്ചരിക്കുന്നത്. അപ്രകാരം ചില വ്യത്യാസങ്ങൾ രണ്ടു സഭാവിഭാഗങ്ങളുടെയും സുറിയാനി ഭാഷാ ഉപയോഗത്തിൽ കാണാം.

ചെയ്തു. അതിന്റെ പേരാണ് 'തർഗ്ഗും' എന്നാൽ തർജ്ജിമ, വ്യാഖ്യാനം എന്നൊക്കെ അർത്ഥം. പിൽക്കാലത്ത് ഈ പുസ്തകം പൊതുആരാധനയ്ക്കും സ്വകാര്യവായനയ്ക്കും പഠനത്തിനുമായി യഹൂദർ ഉപയോഗിച്ചു തുടങ്ങി. മോശയുടെ നിയമമായ തൽമൂദിനു 2 ഭാഗങ്ങളുണ്ട്. അതിൽ ഒന്നാമത്തേത് മിഷ്ണാ ഹീബ്രുവിലും രണ്ടാമത്തേത് ഗിമാറ അറമായയിലുമാണ് രചിക്കപ്പെട്ടിരിക്കുന്നത്.

യഹൂദചരിത്രകാരൻ ഫ്ളാവിയൂസ് ജോസിഫസ് തന്റെ 'യഹൂദയുദ്ധം' എന്ന ഗ്രന്ഥം അറമായ ഭാഷയിലാണ് രചിച്ചിരിക്കുന്നത്. ബി. സി. 3-ാം നൂറ്റാണ്ടു മുതൽ പാലസ്തീനായിൽ അറമായ ഭാഷയുടെ ഉപയോഗത്തിലും സംസാരത്തിലും ചില വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. അത് പ്രാദേശികമായുള്ള വ്യത്യാസം ആയിരുന്നു. അവ ഗെലിലേയ അറമായ, ശക്രായ അറമായ, ബാബിലോണിയൻ അറമായ എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു. ഇവിടെ കേരളത്തിലും മലയാളം സംസാരിക്കുന്നത് തിരുവനന്തപുരത്തും ആലപ്പുഴയിലും കോഴിക്കോടും മലപ്പുറത്തും ഒക്കെ മലയാളഭാഷാ പ്രയോഗത്തിൽ വിഭിന്നമാണല്ലോ എന്നതു പോലെ തന്നെ.

പുതിയ ഉടമ്പടി (പുതിയനിയമം) പരിശോധിക്കുമ്പോൾ അതിൽകാ ണുന്ന പേരുകളും അതിൽ മലയാളവിവർത്തനത്തിൽപോലും മാറ്റാതെ ഉപയോഗിച്ചിരിക്കുന്ന സുറിയാനി വാക്കുകളും ശ്രദ്ധേയമാണ്. ഉദാഹരണത്തിന് ബേസ്ലഹേം, ശീലോഹാ, ഗാഗുൽത്താ, ഒറശ്ലേം, റബ്ബി, ഈശോ, മിശിഹാ, മറിയം, ഥലീസാഖുമി, ഏൽ ഏൽ ലമാ ശബക്ത്താനി, ആമ്മേൻ (മർക്കോസ് 7:34, മർക്കോസ് 5:41, മത്തായി 27:46). പുതിയ ഉടമ്പടിയുടെ ഭാഷയാണ് സുറിയാനി. ഈശോയുടെ അമ്മ മർത്ത് മറിയത്തോട് ഗബ്രിയേൽ ദൂതൻ മംഗലവാർത്ത അറിയിച്ചതും ഈശോ പ്രാർത്ഥിക്കാൻ ശ്ലീഹന്മാരെ പഠിപ്പിച്ചതും ഈശോ പ്രാർത്ഥിച്ചതും പരിശുദ്ധ കന്യകാമറിയം ഈശോയോടു സംസാരിച്ചതും ഈശോ പ്രസംഗിച്ചതും യോർദ്ദാനിൽ ദൈവസ്വരം മനുഷ്യൻ കേട്ടതും ഈശോ അത്ഭുതം പ്രവർത്തിച്ചപ്പോൾ സംസാരിച്ചതും ഉയിർത്തെഴുന്നേറ്റുകഴിഞ്ഞ് സംസാരിച്ചതും ഈ ഭാഷയിൽ തന്നെ. ഈശോയുടെ സ്വർഗ്ഗാരോഹണത്തെത്തുടർന്ന് ശ്ലീഹന്മാർ സുവിശേഷം ലോകത്തെ അറിയിച്ചതും സുറിയാനിയിൽത്തന്നെയായിരുന്നു.

ഒരു ഭാഷയ്ക്കു തന്നെ പ്രാദേശികമായി പ്രത്യേകതകളുള്ള സംസാരരീതിയുണ്ട്. ഇതിനെ ഭാഷാഭേദം (Dialect) എന്നു പറയുന്നു. ഇതേക്കുറിച്ച് മുമ്പ് പ്രസ്താവിച്ചിരുന്നുവല്ലോ. ശ്ലീഹന്മാർ സംസാരിച്ചിരുന്നത് അറമായ(സുറിയാനി) ഭാഷയുടെ ഗ്ലീലായിലെ Dialect ആയിരുന്നു.അതുപയോഗിച്ചാണ് അവരെ തിരിച്ചറിഞ്ഞിരുന്നതും. ഈശോയെ ബന്ധനസ്ഥനാക്കിയപ്പോൾ പ്രധാനപുരോഹിതന്റെ മുറ്റത്തുവെച്ചു ശിമയോൻ കേപ്പാ (പത്രോസ്) യെ തിരിച്ചറിഞ്ഞതും അദ്ദേഹത്തിന്റെ സുറിയാനി ഭാഷാപ്രയോഗത്തിലെ ഗ്ലീലാഭാഷാഭേദം കൊണ്ടായിരു ന്നുവെന്ന് (മത്തായി 26:73) കാണാവുന്നതാണ്. ഗ്ലീലായിൽ വളർന്ന ഈശോ ആ പ്രദേശത്തെ അറമായ Dialectൽ ആയിരുന്നു സംസാരിച്ചിരുന്നത് എങ്കിലും അറമായ ഭാഷയുടെ പൊതുസ്വഭാവം കൊണ്ടാണ് മറ്റു പ്രദേശ ങ്ങളിലുള്ളവർക്കും ഈശോയുടെ പ്രബോധനങ്ങൾ മനസ്സിലായത്.

മെശിയാനിയ അഥവാ ക്രൈസ്തവ ആരാധനക്രമങ്ങളുടെ ഉത്ഭവം വളർച്ച തുടങ്ങിയവയെക്കുറിച്ച് ആഴത്തിൽ പഠനം നടത്തിയിട്ടുള്ളവരുടെ നിഗമനപ്രകാരം ഈശോയെ തുടർന്നുള്ള അരനൂറ്റാണ്ടുകാലം എല്ലാ സഭാസമൂഹങ്ങളിലും ദൈവാരാധന അറമായ(സുറിയാനി) ഭാഷയിലായിരുന്നു. സാവധാനമാണ് ഗ്രീസ്, റോമാ തുടങ്ങിയ പാശ്ചാത്യദേശങ്ങളിൽ അന്നു പ്രചാരത്തിലിരുന്ന സാംസ്കാരികഭാഷയായ ഗ്രീക്ക് ദൈവാരാധനയ്ക്കായി ഉപയോഗിച്ചു തുടങ്ങിയത്. ഏതാണ്ട് 4-ാം നൂറ്റാണ്ടോടുകൂടിയാണ് റോമിന്റെ നേതൃത്വത്തിൽ യൂറോപ്യൻ- ഉത്തരആഫ്രിക്കൻ പ്രദേശങ്ങളിൽ അവരുടെ ദൈവാരാധന ലത്തീൻ ഭാഷയിലാക്കി. മേൽപറഞ്ഞ മൂന്നുഭാഷകളിലായി പ്രധാനമായും രണ്ടാം വത്തിക്കാൻ കൗൺസിൽ വരെയും സഭയിൽ ദൈവാരാധന നടന്നിരുന്നു. പ്രത്യേകിച്ച് സുറിയാനി സഭകൾ (പൗരസ്ത്യസഭകൾ) സുറിയാനിയിൽത്തന്നെ തങ്ങളുടെ ആരാധന നടത്തിയിരുന്നു. സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളും ആദിമ സഭാ സൂനഹദോസ് തീരുമാനങ്ങളും എല്ലാം സുറിയാനിയിൽത്തന്നെയായിരുന്നു.

ഈശോമിശിഹായുടെ സംസാരഭാഷ (മാതൃഭാഷ)യിൽ പ്രാർത്ഥിക്കുന്ന വർ എന്ന നിലയിൽ ഇന്ത്യയിലെ മാർത്തോമ്മാനസ്രാണികൾ അഭിമാനിച്ചിരുന്നു. പഴയ ഉടമ്പടിക്കാലം മുതലേ ഇന്ത്യയ്ക്കു പാലസ്തീനയുമായി ബന്ധമുണ്ടായിരുന്നു. അതായത് ബി. സി. 6-ാം നൂറ്റാണ്ടിൽ സോളമൻ രാജാവ് ഓറശ്ലേം ദേവാലയ നിർമ്മാണവുമായി ബന്ധപ്പെട്ട് അവിടുത്തെ കാഴ്ചബംഗ്ലാവിലേക്ക് കുരങ്ങ്, മയിൽ എന്നീ മൃഗങ്ങളെക്കൂടാതെ സുഗന്ധദ്രവ്യങ്ങളും അവിടേക്ക് ഇന്ത്യയിൽ നിന്നും കയറ്റി അയച്ചിരുന്നു. ഇന്ത്യയുടെ പടിഞ്ഞാറൻ തീരം മുഴുവൻ പായ്ക്കപ്പലുകൾ അടുക്കുന്നതിനുള്ള ധാരാളം ഹാർബറുകളും ഉണ്ടായിരുന്നതായി ഗവേഷണങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. കുരുമുളക് യഹൂദർക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നായിരുന്നതിനാലും വ്യാപാരവുമായി ബന്ധപ്പെട്ട് ധാരാളം യഹൂദ കോളനികൾ ഇവിടെ ഉണ്ടായിരുന്നു. തന്മൂലം ഈശോയുടെ ജനനത്തിനു മുമ്പു തന്നെ സുറിയാനി ഭാഷ യഹൂദർ വഴി ഇവിടെ പ്രചരിക്കപ്പെട്ടിരുന്നു. യഹൂദരുടെ ഇവിടുത്തെ സാന്നിധ്യമാണ് നമ്മുടെ കർത്താവ് ഈശോമിശിഹായുടെ ശ്ലീഹായും ഇന്ത്യയിലെ മാർത്തോമ്മാ നസ്രാണികളുടെ പിതാവുമായ മാർത്തോമ്മാശ്ലീഹാ ഇവിടെ വരുവാനിടയായതും മാർത്തോമ്മാശ്ലീഹാ മിശിഹാസുവിശേഷം ഇന്ത്യയിൽ അറിയിച്ചതും സുറിയാനിയിൽതന്നെ. അതിനാൽ മാർത്തോമ്മാനസ്രാണികളെ സംബന്ധിച്ചിടത്തോളം അവർ സുറിയാനി ഭാഷയോട് അതിരില്ലാ ത്ത സ്നേഹവും താല്പര്യവും ആദരവും പ്രകടിപ്പിച്ചിരുന്നു എന്ന് കൈമാറിക്കിട്ടിയിട്ടുള്ള രേഖകൾ ഒന്നൊഴിയാതെ വ്യക്തമാക്കുന്നുണ്ട്. സുറിയാനി അവരുടെ നാഥനായ ഈശോമിശിഹായുടെയും അവരുടെ പിതാവായ മാർത്തോമ്മാ

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information regarding this text Please contact:

*info@thecmsindia.org*

*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART

www.TheCMSIndia.org